**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3484** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക-ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | **സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്ന തിനുമായി കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | വിത്ത്, വളം, സാങ്കേതിക സഹായങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതുകൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകാത്തതിനാലും നെൽകർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി നാഷണൽ സീഡ് കോർപ്പറേഷൻ, സംസ്ഥാന വിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ, കേരള കാർഷിക സർവകലാശാല എന്നിവരിൽ നിന്നും ആവശ്യാനുസരണം സമയബന്ധിതമായി നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ കർഷകർക്ക് വിതരണം ചെയ്യുവാൻ ആവശ്യമായ വിത്ത് ലഭ്യമല്ലാത്ത പക്ഷം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു നടപ്പിലാക്കി വരുന്നു.<br><br>നെൽ കർഷകർ ചില സന്ദർഭങ്ങളിൽ യൂറിയ, ഫാക്ടം ഫോസ് പോലുള്ള വളങ്ങളുടെ ലഭ്യതക്കുറവ് നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ വേളകളിൽ കേന്ദ്ര രാസവള മന്ത്രാലയവുമായും വളം വിതരണ കമ്പനികളുമായും ബന്ധപ്പെട്ടു വളത്തിന്റെ ലഭ്യത ഉടൻ പുനഃ സ്ഥാപിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ഫീൽഡ് തലത്തിൽ കൃഷി ഓഫീസർമാർ നൽകി വരുന്നുണ്ട്. സുഭിക്ഷകേരളം പദ്ധതി പ്രകാരം 2020-ൽ ശാസ്ത്രജ്ഞർ, ഫീൽഡ് ലെവൽ വിദഗ്ധർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവരടങ്ങുന്ന ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാ സമയം ലഭ്യമാക്കുക എന്നതാണ് പ്രസ്തുത ടീമിന്റെ ഉദ്ദേശ്യലക്ഷ്യം. അത് നല്ലരീതിയിൽ ഫീൽഡ് തലത്തിൽ നടപ്പിലാക്കി വരുന്നു.<br><br>നെൽകർഷകർക്ക് കാർഷിക വായ്പ വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്നുണ്ട്. എല്ലാ ദേശസാൽകൃത ബാങ്കുകളും, ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകളും കാർഷിക വായ്പ നൽകുന്നുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം രണ്ട് ശതമാനം പലിശയിളവ് കർഷകർക്ക് ലഭിക്കുന്നു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലൂടെ ലഭ്യമാകുന്ന വായ്പയുടെ ഉയർന്ന പരിധി മൂന്നുലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് കൂടുതൽ വായ്പാതുക ലഭ്യമാകുന്നതിന് സഹായകരമാകുന്നു. |
| (സി) | സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക, വിദഗ്ധ ഉപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സർവ്വകലാശാലയുടെ പട്ടാമ്പി, കരമന, അമ്പലവയൽ എന്നീ മികവിന്റെ കേന്ദ്രങ്ങൾ വഴി വിവിധ കാർഷിക പരിശീലനങ്ങളും സാങ്കേതിക ഉപദേശവും കർഷകർക്ക് നൽകി വരുന്നത് കൂടാതെ വെള്ളായണി, തൃശ്ശൂർ, പട്ടാമ്പി എന്നിവിടങ്ങളിലെ മികവിന്റെ കേന്ദ്രങ്ങൾ വഴി നവ സംരഭകർക്ക് പ്രോത്സാഹനവും, വിവിധ പരിശീലനങ്ങളും (മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ഉൾപ്പെടെ) കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം വഴി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

1. സംസ്ഥാനാവിഷ്കൃത പദ്ധതിയായ **"നെൽകൃഷി വികസന പദ്ധതി"** യിലെ ഘടക പദ്ധതിയായ **സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ** ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്.

2. സംസ്ഥാനത്തെ നെൽവയലുകളെ നിലനിർത്തുന്നതിനും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനായി നെൽവയൽ ഉടമസ്ഥർക്ക് **റോയൽറ്റിയായി** ഹെക്ടറിന് 3000/- രൂപ നൽകിവരുന്നുണ്ട്.

3. നെൽവയലിലെ **മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി** കുമ്മായ വസ്തുക്കൾ ഉപയോഗിക്കുന്നതിനായി ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്.

4. പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപണികൾ തുടങ്ങിയ **പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി** ഹെക്ടറിന് 360/- രൂപ ക്രമത്തിൽ പാടശേഖര സമിതികൾക്ക് നൽകി വരുന്നു.

5. **തരിശുനില കൃഷിക്ക്** ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു.

6. **പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്** ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു.

7. **കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി** തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ ഇരുപ്പൂ നെൽകൃഷി ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ് സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി പ്രൊജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിവരുന്നു.

8. **ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ** സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 2000/- രൂപ ക്രമത്തിൽ ആനുകൂല്യം നൽകി വരുന്നു.

9. നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് **രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി** നടപ്പിലാക്കുന്നു.

10. **നോൺ പ്ലാൻ (പദ്ധതിയേതരം)** ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു.

11. കാർഷികാവശ്യത്തിനായി **സൗജന്യ വൈദ്യുതി പദ്ധതിയിൽ** ജലസേചനത്തിനായി നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്.

12. കർഷകർ ഉലാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നു. **നെല്ല് സംഭരണത്തിനുള്ള** കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 19.40 രൂപയും, സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ഉൾപ്പെടെ 28 രൂപ/kg ആയിരുന്നു. 19.04.2022 തീയതിയിലെ സ.ഉ (കൈ) നം.9/ 2022/ F&CS നമ്പർ കേരള സർക്കാർ ഉത്തരവ് പ്രകാരം 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിന്റെ വില 28.20 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. നിലവിൽ ടി നിരക്ക് തുടരുന്നു.

13. ഇതിനു പുറമെ **പ്രകൃതിക്ഷോഭം** മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു.

14. **പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും** ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

15. **കേന്ദ്രാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ** അംഗങ്ങളായ നെൽ കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 80000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു

16. **ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ** ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/- രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32000/- രൂപയാണ്.

17. **ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)** പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. പ്രദർശനപ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി ആനുകൂല്യം നൽകി വരുന്നു.